**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

**22.03.2021 -ന് രാവിലെ 10.30-ന് Zoom വീഡിയോ കോൺഫറൻസ് വഴി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 22–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**ഓൺലൈൻ യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ശാരദാ മുരളീധരൻ ഐഎഎസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർപേഴ്സൺ** |
| 2 | ശ്രീമതി.കെ.എസ്.ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 3 | ശ്രീ.അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 4 | ശ്രീമതി.ഹേമ.വി, അണ്ടർ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ് | **മെമ്പർ** |
| 5 | ശ്രീ.ചന്ദ്രശേഖർ എസ് ഐഎഎസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ & ഡയറക്ടർ, ഐ.ടി മിഷൻ | **മെമ്പർ സെക്രട്ടറി** |

**<u>അജണ്ട-1</u>**

**വിഷയം: 28.10.2020 ന് നടന്ന ഇരുപത്തി ഒന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

28.10.2020 ന് കൂടിയ ഇരുപത്തി ഒന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം അംഗീകരിച്ചു.

**<u>അജണ്ട-2</u>**

**വിഷയം: ഇരുപത്തിഒന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| **അജണ്ട-5** | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം, 1960 ലെ KCSCC&A Rules എന്നിവ ബാധകമാക്കുന്നത് സംബന്ധിച്ച്. | ധനകാര്യ (റൂൾസ്) വകുപ്പിലേക്ക് അയച്ച് അനുമതി തേടുന്നതിന് തീരുമാനിച്ചു. | 06.03.2021 തീയതിയിലെ നം.411/ഇ7/2017/ഐ.കെ.എം കത്ത് പ്രകാരം ധനകാര്യ (റൂൾസ്) വകുപ്പിലേക്ക് അനുമതിക്കായി കത്ത് നൽകി. |
| **അജണ്ട-6** | കോഴിക്കോട് കോർപ്പറേഷനിലെ ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീ.എം. രജീന്ദ്രന്റെ അച്ചടക്ക നടപടി തീർപ്പാക്കുന്നത് സംബന്ധിച്ച്. | ധനകാര്യ (റൂൾസ്) വകുപ്പിലേക്ക് അയച്ച് അനുമതി തേടുന്നതിന് തീരുമാനിച്ചു. | 06.03.2021 തീയതിയിലെ നം.411/ ഐ.കെ.എം /ഇ7/R-541/2017 നമ്പർ കത്ത് പ്രകാരം ധനകാര്യ (റൂൾസ്) വകുപ്പിലേക്ക് അനുമതിക്കായി കത്ത് നൽകി. |
| **അജണ്ട-7** | സോഫ്റ്റ്‌വെയർ ഡിവിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ കരാർ കാലാവധി പുതുക്കുന്നത് സംബന്ധിച്ച്. | നിലവിൽ ഐ.കെ.എം ഡെവലപ്പ്ചെയ്തുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ പ്രോജക്ടുകൾ തുടർന്ന് പോകേണ്ട അടിയന്തിര സാഹചര്യം നിലവിലുള്ളതിനാൽ സർക്കാർ ഉത്തരവിന് വിധേയമായി ശ്രീ.രജീഷ് വി ആർ, ശ്രീമതി.ശ്രീധന്യ ആർ ജി, ശ്രീ.ജോയ് ആർ എൽ, ശ്രീമതി.രജിത ജി എസ്, ശ്രീ.വിഷ്ണു എ ആർ എന്നിവരുടെ കരാർ കാലാവധി ഒരു ദിവസത്തെ ബ്രേക്ക് നൽകിയതിന് ശേഷം തുടരുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകി. | 29.12.2020 ലെ സ.ഉ.(സാധാ)നം.2457/2020/തസ്വഭവ, 31.12.2020 ലെ സ.ഉ.(സാധാ)നം.2470/2020/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ശ്രീ.രജീഷ് വി ആർ, (സീനിയർ ഡെവലപ്പർ), ശ്രീമതി.ശ്രീധന്യ ആർ ജി, (ഡെവലപ്പർ), ശ്രീ.ജോയ് ആർ എൽ, (ഡെവലപ്പർ), ശ്രീമതി.രജിത ജി എസ്, (സീനിയർ ഡെവലപ്പർ), ശ്രീ.വിഷ്ണു എ ആർ, (ഡെവലപ്പർ) എന്നീ കരാർ ജീവനക്കാരുടെ കരാർ ഒരു ദിവസത്തെ നിർബന്ധിത ബ്രേക്ക് നൽകിയതിന് ശേഷം ഒരു വർഷത്തേക്ക് കരാർ പുതുക്കി നൽകിയിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | | അതിൽ ശ്രീ.രജീഷ് വി ആർ, (സീനിയർ ഡെവലപ്പർ) ഐ.കെ.എമ്മിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൻ മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| **അജണ്ട-8** | ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി വാങ്ങലുകൾക്ക് മാത്രം (purchase Only) ഗ്രൂപ്പ് II വകുപ്പ് തലവന്റെ Delegation of Financial Power അനുവദിച്ച് ഐ.കെ.എം സൊസൈറ്റിയുടെ ബൈലാ ഭേദഗതി ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | ഗവേണിംഗ് ബോഡിയിൽ സമർപ്പിച്ച് ബൈലാ ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി. | 06.11.2020 ന് ചേർന്ന ഐ.കെ.എമ്മിന്റെ 4-ാമത് ഗവേണിംഗ് ബോഡി യോഗത്തിൽ അജണ്ട-9 ആയി പ്രസ്തുത വിഷയം അവതരിപ്പിച്ച് ബൈലാ ഭേദഗതി ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. |
| **അഡീഷണൽ അജണ്ട-1** | ശ്രീ.മുരുകദാസും കൂട്ടരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)36595/2018 നമ്പർ കേസിൽ ഹാജരായ വകയിൽ അഡ്വ.ബിജു ബാലകൃഷ്ണനന് തുക നൽകുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. | 03.11.2020 ലെ നം.492/ഇ4/2020/ഐ.കെ.എം ഉത്തരവ് പ്രകാരം ശ്രീ.മുരുകദാസും കൂട്ടരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)36595/2018, contempt of court case No.847/2020 എന്നീ നമ്പർ കേസുകളിൽ മേൽ അഡ്വ.ബിജു ബാലകൃഷ്ണനന് ഐ.കെ.എം നെ പ്രതിനിധീകരിച്ച് ഹാജരായ വകയിൽ പ്രഫഷണൽ ഫീസ് ഇനത്തിൽ രൂപ 90,000/- അനുവദിച്ച് നൽകി. |

**തീരുമാനം**

ഇരുപത്തി ഒന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി.

**അജണ്ട-3**

**വിഷയം: ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയും ചെയ്തു.

ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിന്റെ നിലവിലെ അവസ്ഥ എന്താണെന്നും, പ്രസ്തുത സോഫ്റ്റ്‌വെയറിൽ അക്കൗണ്ട്സ് , സിവിൽ രജിസ്ട്രേഷൻ , ഫയൽ മാനേജ്മെന്റ് എന്നീ മൊഡ്യൂളുകൾ പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ എന്നും, എന്തൊക്കെയാണ് ഓട്ടോമേറ്റ് ചെയ്തിട്ടുള്ളത് എന്നും, ഐ.എൽ.ജി.എം.എസ് ന്റെ Rollout time frame എന്താണ് എന്നും ചെയർപേഴ്സൺ (തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി) ആരാഞ്ഞു.

അക്കൗണ്ട്സ് , സിവിൽ രജിസ്ട്രേഷൻ , ഫയൽ മാനേജ്മെന്റ് എന്നിവ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഐ.കെ.എം പ്രതിനിധി അറിയിച്ചു. അടുത്ത 150 ഗ്രാമപഞ്ചായത്തുകളിൽ ഇലക്ഷന് ശേഷം ഐ.എൽ.ജി.എം.എസ് വിന്യസിക്കുന്നതാണെന്നും, ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് അടുത്ത 3 മാസത്തിനകം വിന്യസിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

ഐ.എൽ.ജി.എം.എസ് ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് തുടർന്നുള്ള പ്രവർത്തനങ്ങളുടെ വ്യക്തമായ ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണമെന്ന് നിർദ്ദേശിച്ചു.

കൂടാതെ സാംഖ്യ , PFMS ഇന്റഗ്രേഷൻ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഉടൻതന്നെ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകാനും നിർദ്ദേശിച്ചു.

**<u>അജണ്ട-4</u>**

**വിഷയം: സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന്റെ ഓഫീസിൽ നെറ്റ്‌വർക്കിംഗ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന് ബാലൻസ് തുക അനുവദിക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

PWD ഇലക്ട്രോണിക്സ് കെൽട്രോണിന് നൽകാൻ ശുപാർശ ചെയ്ത മൊത്തം തുകയായ Rs.21,61,441/- രൂപയിൽ ഇനി കെൽട്രോണിന് നൽകുവാനുള്ള തുകയായ Rs.6,75,175/- രൂപ ഐ.കെ.എമ്മിന്റെ ഓൺഫണ്ടിൽ നിന്നും നൽകുവാനും, 10 ലക്ഷം രൂപയുടെ അനുമതി നൽകിയ സ്ഥാനത്ത് 21,61,441 രൂപ ചെലവാക്കാനുണ്ടായ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും, കെൽട്രോൺ ചെയ്ത വർക്ക് വിശദമായ ഫിനാൻഷ്യൽ ഓഡിറ്റ് ചെയ്യിപ്പിക്കുകയും, ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച്ചയുണ്ടായിട്ടുണ്ടോ എന്ന് വിശദമായ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകുവാനും ആയതിന് ശേഷം ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകുന്ന കാര്യം പരിഗണിക്കാമെന്നും തീരുമാനിച്ചു.

**<u>അജണ്ട -5</u>**

**വിഷയം: ഐ.കെ.എമ്മിന്റെ ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ വാഹനം തെരഞ്ഞെടുത്ത നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.**

**<u>തീരുമാനം</u>**

എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരണം നൽകി.

**അജണ്ട -6**

**വിഷയം: സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററിനെയും, ഇന്റേർണൽ ഓഡിറ്ററിനെയും തെരഞ്ഞെടുത്ത നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരണം നൽകി.

**അജണ്ട -7**

**വിഷയം: ഐ.കെ.എമ്മിൽ കരാർ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ആയി ജോലി ചെയ്തു വരുന്ന ശ്രീ.നീലകണ്ഠൻ ഡി എസ് ന്റെ 08.03.2021 ലെ അപേക്ഷ - സംബന്ധിച്ച്.**

**തീരുമാനം**

ശ്രീ.നീലകണ്ഠൻ ഡി എസ് ഉം ഐ.കെ.എമ്മും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാറിലെ 5-ാമത് പിരിവിലെ വ്യവസ്ഥയിൽ ഇളവുവരുത്തി ശ്രീ.നീലകണ്ഠൻ ഡി എസ്, ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ) നെ ഐ.കെ.എം സേവനത്തിൽ നിന്നും വിടുതൽ ചെയ്യാമോ എന്നത് സംബന്ധിച്ച് ഐ.കെ.എം ഗവേണിംഗ് ബോഡി ചെയർമാനായ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ കൂടി അനുമതി വാങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

**അഡീഷണൽ അജണ്ട**

**അജണ്ട-1**

**വിഷയം: ഡേറ്റാ സെന്റർ മാനേജ്മെന്റ് / ഡാറ്റാബേസ് മാനേജ്മന്റ് / സെർവർ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സംബന്ധിച്ച്.**

12.06.2020 ലെ 20-മത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 6-ാമത് അജണ്ടയായി സമർപ്പിച്ച പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും, ആയത് സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിൽ നിന്ന് ഇൻഫ്രാസ്ട്രക്ച്ചർ സ്പെഷ്യലിസ്റ്റ് എന്ന തസ്തിക സൃഷ്ടിക്കുമ്പോൾ ബിരുദം / ഡിപ്ലോമ യോഗ്യതയുള്ളവർക്ക് ഒരേ പ്രവൃത്തി പരിചയം നിശ്ചയിച്ചിരിക്കുന്നത് അഭിലക്ഷണീയമായി തോന്നുന്നില്ല എന്നും, എന്ത് അടിസ്ഥാനത്തിലാണ് എന്നത് സംബന്ധിച്ച് ഒരു സ്പഷ്ടീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിന്ന് 18.12.2020 ന് കത്ത് വന്നതിനെതുടർന്ന് പ്രസ്തുത വിഷയത്തിൽ നിയമനത്തിനായി നിലവിൽ അംഗീകരിച്ച യോഗ്യതകളിൽ ഡിപ്ലോമ എന്ന യോഗ്യത ഒഴിവാക്കി മറ്റ് യോഗ്യതകളുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു.

ഇൻഫ്രാസ്ട്രക്ച്ചർ സ്പെഷ്യലിസ്റ്റ് എന്ന തസ്തികയുടെ പുതുക്കിയ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും ചുവടെ ചേർക്കുന്നു.

| Post | No. | Educational Qualification | Experience / Skills | Salary (Max. Consolidated) |
|---|---|---|---|---|
| Infrastructure Specialist | 1 | First Class degree in BE / B.Tech (CS / EC/ IT/ EEE) / MCA/MSc (Computer science). | 1. Minimum 5 years' IT experience in the areas mentioned above<br>2. Certification: CCNA, CCNP (desirable)<br>3. Experience with Linux servers in virtualized environments<br>4. Strong background in Linux/Unix Administration<br>5. Familiarity with the fundamentals of Linux scripting languages<br>6. Experience installing, configuring, and maintaining services such as Apache, MySQL, nginx, etc.<br>7. Strong grasp on configuration management tools<br>8. Familiarity with load balancing, firewalls, etc<br>9. Familiarity with container management tools (ex:puppet,chef,docker)<br>10. Proficient with network tools such as iptables, Linux IPVS, HAProxy, etc.<br>11. Ability to build and monitor services on production servers<br>12. Knowledge of servers and switches<br>13. Ability to use a wide variety of open source technologies and cloud services<br>14. Strong Experience with - Version Control System such as Git<br>15. Strong Experience with Continuous Deployment tool like Jenkins<br>16. Strong Experience with load balancing tool like HAProxy and Nginx or radware<br>17. Knowledge of best practices and IT operations in an always-up, always-available service<br>18. Hands on experience in networking, routing and switching<br>19. Excellent knowledge of best practices around management, control, and monitoring of server/router/ wireless infrastructure<br>20. Experience with firewalls, MPLS VPNs, Proxy, Internet VPNs remote implementation, troubleshooting, and problem resolution is desired<br>21. Ability to set up and configure network devices for VLAN, VPN, and Inter VLAN routing.<br>22. Familiarity with backup and recovery software for network infrastructure | 60,000 -70,000 |

**തീരുമാനം**

ഡിപ്ലോമ യോഗ്യത എന്നത് ഒഴിവാക്കി മറ്റുള്ള യോഗ്യതകൾ അംഗീകരിച്ചുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

**അജണ്ട-2**

**വിഷയം: ഐ.കെ.എമ്മിന്റെ ഉടമസ്ഥതയിലുള്ള അംബാസിഡർ ( KL-01 AM-3786) എന്ന നമ്പർ കാർ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലായതിനാൽ ക്വട്ടേഷൻ വിളിച്ച് മറ്റൊരു വാഹനം കൂടി ഉപയോഗിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

നിലവിൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലുള്ള അംബാസിഡർ കാർ ( KL- 01 AM-3786) Condemn ചെയ്യുന്നതിന് PWD അനുമതി നൽകിയതിനുശേഷം പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞതിനുശേഷം പുതിയ വാഹനം കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ എടുക്കാവുന്നതാണെന്ന് യോഗം അറിയിച്ചു.

**യോഗം 12.00 PM ന് അവസാനിച്ചു.**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**അഡീഷണൽ ചീഫ് സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**

**Sarada Muraleedharan IAS**
**Additional Chief Secretary**
**Local Self Government Department**
**Government Secretariat**
**Thiruvananthapuram.**